**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6125** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വൻകിട വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. പി. രാജീവ്** <br> **(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2016 ന് ശേഷം സംസ്ഥാനത്ത് ഏതെങ്കിലും വൻകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് എന്നതിന്റെയും വിശദാംശം ലഭ്യമാകുമോ? | (ബി) | 2016-ന ശേഷം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) വ്യവസായ വളർച്ച കേന്ദ്രങ്ങളിലും പാർക്കുകളിലും ആരംഭിച്ച വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം-1ആയി ചേർക്കുന്നു. 2016-ന ശേഷം കിൻഫ്ര പാർക്കുകളിൽ ആരംഭിച്ച വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.<br><br>കെ.എസ്.ഐ.ഡി.സി-യുടെ സാമ്പത്തിക സഹായം ലഭ്യമാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മറ്റൊരു വൻകിട പദ്ധതിയാണ് ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലെ കല്ലിശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന Dr.K.M.Cheriyan Institute of Medical Sciences Pvt. Ltd. പ്രസ്തുത ആശുപത്രി 2020-21 കാലഘട്ടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്.<br><br>കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നവംബർ 2022 മുതൽ ന്യൂസ്പ്രിന്റ് ഉൽപാദനം നടന്നുവരുന്നു.<br><br>ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിൽ നിന്നും ഏറ്റെടുത്ത സ്ഥലത്ത് റബ്ബർ അധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്കായി കേരള റബ്ബർ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം 2019-ൽ ആരംഭിച്ചു. |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്. ടി കമ്പനി 01-04-2022-ൽ പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| നം | KSIDC യുടെ വ്യവസായ വളർച്ച കേന്ദ്രങ്ങളിലും പാർക്കുകളിലും 2016 ന ശേഷം ആരംഭിച്ച വൻകിട വ്യവസായ സ്ഥാപനത്തിന്റെ പേര് | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച തീയതി |
|---|---|---|
| I | തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക് | |
| 1 | Research cum Learning Centre by Kerala Veterinary & Animal Sciences University (KVASU) | 2015-16 |
| 2 | Institute of Advanced Virology (IAV) - Phase-1A project by Kerala State Council for Science, Technology and Environment (KSCSTE) | 2018-19 |
| II | ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക് | |
| 1 | Protech Organo Foods Pvt. Ltd | 2015-16 |
| 2 | Sun Aquatic Products Pvt Ltd | 2015-16 |
| III | കണ്ണൂരിലെ വ്യവസായ വളർച്ച കേന്ദ്രം | |
| 1 | Al-Fas Wood Products Pvt Ltd | 2021-22 |
| IV | കോഴിക്കോടിലെ വ്യവസായ വളർച്ച കേന്ദ്രം | |
| 1 | Azcco Global Ventures Pvt Ltd | 2021 ( 2022 പ്രവർത്തനം ആരംഭിച്ചു) |

സെക്ഷൻ ഓഫീസർ

**അനുബന്ധം -2**

| നം. | കിൻഫ്രയുടെ പാർക്കുകളിൽ 2016-ന ശേഷം ആരംഭിച്ച വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ | നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥിതി |
|---|---|---|
| **I** | **KINFRA Film & Video Park - Thiruvananthapurm** | |
| 1 | Tata Elxi - (allotment of entire pragathi SDF building admeasuring 2 lakhs sq. ft) | 2022-23 - already operational |
| 2 | Vinvish technologies Pvt. Ltd - Allotment completed in the year 2022-23 | Construction activities are under progress |
| **II** | **KINFRA International Apparel Park- Thiruvananthapuram** | |
| 1 | EMKE (LULU Group) (allotment of 1 lakhs sq. ft. SDF | 2022-23- already optional |
| **III** | **Electronic Manufacturing Cluster- Kakkanad Kochi** | |
| 1 | V-Guard Industries -Land transferred in 2021-22 | Construction activities are under progress |
| 2 | Tata Consultancy Services - innovation Park-land transferred in 2022-23 | Master plan is ready |
| 3 | Agappe diagnostics -allotment completed in the year 2022-23 | Construction activities are under progress |
| 4 | Hykon India Pvt. Ltd. Allotment completed in the year 2022-23 | Construction activities are under progress |
| **III** | **Petrochemical park - Udyogmandal** | |
| | BPCL-Anchor investor-allotment completed in the year 2018-19 | Construction activities are under progress |
| **IV** | **Hitech park-Kalamasserry** | |
| | Fair Exports(Lulu Group)(as part of ASCEND 2020) Land transferred in the year 2020-21 | Construction activities are under progress |

**സെക്ഷൻ ഓഫീസർ**